**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **06-02-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ അയ്യപ്പൻകുടം ഡാം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ അയ്യപ്പൻകുടം ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | തരൂർ നിയോജക മണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അയ്യപ്പൻകുടം ഡാമിൽ ചോർച്ച മൂലം ജലസംഭരണം നടത്താൻ കഴിയുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ. യുമായി നടത്തിയ സംയുക്ത സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ വലിയ തോതിലുള്ള ജലചോർച്ച തടയുന്നതിനു വേണ്ടി അടിയന്തിരമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാന ത്തിൽ എസ്റ്റിമേറ്റ് സൂപ്രണ്ടിങ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളത്തിന്റെ കാര്യാലയത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവൃത്തി പ്രാവർത്തികമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ